# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1449 — 06-03-2018 ൽ മറുപടിയ്ക്ക്

## ഹജ്ജ് തീർത്ഥാടകരെ സഹായിക്കുന്നതിന് വേണ്ടിയുള്ള ജീവനക്കാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം** | **ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) കേരളത്തിൽ നിന്ന് ഈ വർഷം ഹജ്ജിന് പോകുന്ന തീർത്ഥാടകരെ സഹായിക്കുന്നതിന് വേണ്ടിയുള്ള ജീവനക്കാരുടെ താൽക്കാലിക ഡെപ്യൂട്ടേഷൻ നിയമന നടപടികളുടെ ഇതുവരെയുള്ള പുരോഗതി അറിയിക്കാമോ;<br><br>ബി) അസിസ്റ്റന്റ് ഹജ്ജ് ഓഫീസർ, ഹജ്ജ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് താൽക്കാലിക ഡെപ്യൂട്ടേഷൻ നിയമനത്തിന് എത്ര അപേക്ഷകളാണ് കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിച്ചത് എന്നറിയിക്കാമോ; | **(എ)&(ബി)**<br>ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റിന് കീഴിൽ അസിസ്റ്റൻറ് ഹജ്ജ് ഓഫീസർ, ഹജ്ജ് അസിസ്റ്റൻറ് തസ്തികകളിലേക്ക് കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പ് നേരിട്ട് ഓൺലൈൻ വഴിയാണ് അപേക്ഷ ക്ഷണിക്കുന്നത്. ഈ വർഷത്തെ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയ്യതി 15-02-2018 ആയിരുന്നു.<br>വകുപ്പുതലവന്മാരുടെ ശുപാർശ സഹിതം ആഭ്യന്തര (എഫ്) വകുപ്പിൽ അസിസ്റ്റന്റ് ഹജ്ജ് ഓഫീസറുടെ 14 ഉം, ഹജ്ജ് അസിസ്റ്റന്റിന്റെ 156 ഉം അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. അവ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. |
| സി) ഇത്തരത്തിലുള്ള ജീവനക്കാരുടെ നിയമനങ്ങളിൽ, കേരളത്തിൽ നിന്നുള്ള തീർത്ഥാടകരുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാർ നിയമിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോ; | സി) കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പ് നേരിട്ട് ഓൺലൈൻ വഴി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയാണ് തെരഞ്ഞെടുപ്പ് നടത്താറുള്ളത്. സംസ്ഥാനത്തെ ഹാജിമാർക്ക് ആനുപാതികമായി ഡെപ്യൂട്ടേഷൻ നിയമനം ലഭിക്കാറില്ല. ഈ വിഷയം ഡൽഹിയിൽ വെച്ച് നടക്കാറുള്ള ആൾ ഇന്ത്യ ആന്വൽ ഹജ്ജ് കോൺഫറൻസിൽ ഉന്നയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | മലയാളി ഹാജിമാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ? | ഡി) | സംസ്ഥാനത്തിനുള്ളിൽ ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെയുള്ള എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്ത് നിന്നും ലഭ്യമാക്കുന്നുണ്ട്.<br>ഹാജിമാർക്ക് മക്കയിലും മദീനയിലും സേവനം ചെയ്യുന്നതിന് 250 ഹാജിമാർക്ക് ഒരാൾ എന്ന നിലയിൽ ഹജ്ജ് വോളന്റിയേഴ്സിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചുവരുന്നു. വൈദ്യ സഹായം ആവശ്യമുള്ളവർക്ക് മക്കയിലും മദീനയിലും കോൺസുലേറ്റിന് കീഴിലുള്ള മെഡിക്കൽ സെന്ററുകളിലെയും ആശുപത്രികളിലെയും സൗകര്യങ്ങൾ ലഭ്യമാണ്. ഹാജിമാർക്ക് വിവിധ ഘട്ടങ്ങളിലായി പരിശീലന ക്ലാസ്സുകൾ നടത്തി ബോധവൽക്കരണം നടത്താറുമുണ്ട്. |

**സെക്ഷൻ ഓഫീസർ**